2014-15

സുസ്ഥിര നെൽകൃഷി	1199.5
ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി	193.93
നെൽകൃഷി ഉല്പാദന ബോണസ്	591.00
സൗജന്യ കാർഷിക വൈദ്യുതി	1000.00
ആർ.കെ.വി.വൈ. നെൽകൃഷി	2175.00
തരിശ്ശു നില കൃഷി	20.70

കുളങ്ങൾ നന്നാക്കുന്ന പദ്ധതി

154 (3438) ശ്രീ. സി. കെ. നാണു : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ കീഴിൽ കുളങ്ങൾ നന്നാക്കുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ വടകര നിയോജക മണ്ഡലത്തിൽ ഏതെങ്കിലും സ്ഥലത്ത് കുളങ്ങൾ നവീകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ ;

(ബി) കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുന്ന അവസരത്തിൽ വേനൽകാലത്ത് കൃഷിക്ക് സഹായിക്കുന്ന വടകര മണ്ഡലത്തിലെ പ്രധാനപ്പെട്ട ക്ഷേത്രക്കുളങ്ങൾക്ക് ഏതെങ്കിലും നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ പരിശ്രമിക്കുന്ന ഹരിതസംഘങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം കൃഷിവകുപ്പ് അനുവദിക്കുമോ ?

ഉത്തരം

(എ) മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിനുകീഴിൽ കൂട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ 3 ജില്ലകളിൽ കുളങ്ങൾ നന്നാക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കോഴിക്കോട് ജില്ലയ്ക്കായി കുളങ്ങൾ നവീകരണത്തിന് പ്രത്യേക പദ്ധതിയൊന്നും നിലവിലില്ലാത്തതിനാൽ വടകര നിയോജകമണ്ഡലത്തിൽ ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുവദിച്ചിട്ടില്ല.

(സി) കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്രപച്ചക്കറി ജൈവകൃഷിക്ക് ഊന്നൽ നൽകിയാണ് വികസന പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി പ്രകാരം പച്ചക്കറി കൃഷി ചെയ്യുന്ന 5 ഹെക്ടർ വീതം വരുന്ന പച്ചക്കറി ക്ലസ്റ്ററുകൾക്ക് (ഹരിത സംഘങ്ങൾക്ക്) താഴെപ്പറയുന്ന സഹായങ്ങൾ നൽകിവരുന്നു:

(എ) തെരഞ്ഞെടുക്കപ്പെട്ട കാര്യക്ഷമമായി പ്രവർത്തിക്കുന്ന 800 ക്ലസ്റ്ററുകൾക്ക് 75,000 രൂപ നിരക്കിൽ സഹായം നൽകുന്നു (600 ലക്ഷം രൂപ).

(ബി) സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഹെക്ടറിന് 15,000 രൂപ നൽകുന്നു (2900 ഹെക്ടറിന് 435 ലക്ഷം രൂപ).

(സി) പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സഹായം (1720 പമ്പ്സെറ്റുകൾക്ക് 172 ലക്ഷം രൂപ).

(ഡി) സസ്യ സംരക്ഷണ ഉപകരണങ്ങൾ 1500 എണ്ണം (1000 എണ്ണത്തിന് 15 ലക്ഷം രൂപ).

(ഇ) പ്രവർത്തന ചെലവുകൾക്കായി 2000 രൂപ/ക്ലസ്റ്റർ (800 ക്ലസ്റ്ററുകൾക്ക് 16 ലക്ഷം രൂപ).

(എഫ്) ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയ്ക്കും 3 ലക്ഷം രൂപ ഇന്നവേഷൻ ഫണ്ട് നൽകുന്നു (ആകെ 42 ലക്ഷം രൂപ).

(ജി) 100 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 6.3 ലക്ഷം രൂപ നിരക്കിൽ വികസന സഹായം (630 ലക്ഷം രൂപ).

(എച്ച്) 2013-14 ലെ 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് (95 എണ്ണം) 2 ലക്ഷം രൂപ വീതം (190 ലക്ഷം രൂപ).

(ഐ) മികച്ച 600 ക്ലസ്റ്ററുകൾക്ക് വികസന സഹായമായി 1.5 ലക്ഷം രൂപ വീതം നൽകുന്നു(900 ലക്ഷം രൂപ).

കൂടാതെ വിവിധ തലങ്ങളിൽ ജൈവ പച്ചക്കറി കൃഷിയെ കുറിച്ചുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായി കൈപുസ്തകങ്ങൾ കർഷകർക്കായി നൽകുകയും ചെയ്യുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly